പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 553

29.10.2019 ൽ മറുപടിക്ക്

## സിമന്റ് വില

| | ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | | മറുപടി<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | അന്യസംസ്ഥാന ലോബികൾ സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ; | എ) | കേരളത്തിലെ സിമൻറ് വിപണിയുടെ 95%വും നിയന്ത്രിക്കുന്നത് സ്വകാര്യ സിമൻറ് ഉൽപ്പാദകരാണ്. അയൽ സംസ്ഥാനങ്ങളിൽ അവർക്കാവശ്യമായ സിമൻറിന്റെ അളവിൽ കൂടുതൽ സിമൻറ് ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിപണനത്തിനുണ്ടാകുന്ന ചെലവുകൾ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലായതും കേരളത്തിൽ സിമൻറിന്റെ വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും സിമൻറ് റയിൽ / റോഡ് മാർഗം എത്തിക്കേണ്ടിവരുന്നത് കേരളത്തിൽ സിമൻറിന്റെ വിലവർദ്ധനവിന് കാരണമാകാറുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിമന്റ് വില ക്രമാതീതമായി വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനെ സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29.7.2016, 10.05.2017, 22.04.2018, 19.02.2019 എന്നീ തിയതികളിൽ വിളിച്ച് ചേർക്കുകയും സിമന്റ് വില നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) | സർക്കാർ പൊതുമേഖലാ സ്ഥാപനം വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) | കേരളത്തിലെ ഏക പൊതുമേഖലാ സിമന്റ് നിർമ്മാതാവായ മലബാർ സിമന്റ്സിന്റെ വിപണി വിഹിതം കേരളത്തിൽ ഉപയോഗിക്കുന്ന സിമന്റിന്റെ 5 മുതൽ 8 ശതമാനത്തോളമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സിമന്റിന്റെ വില ഉയരാതെ നിയന്ത്രിക്കുന്നതിൽ മലബാർ സിമന്റ്സ് പങ്ക് വഹിക്കുന്നുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനും, യൂണിറ്റുകൾ നവീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റിന്റെ ഉല്പാദനം മെച്ചപ്പെടുത്തുകയും ജില്ലകൾ തോറും |

| | | |
|---|---|---|
| | | സഹകരണ മേഖലയെ കൂടുതൽ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് മലബാർ സിമന്റ് കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലേയും മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ